MONDAY 08-08-2022 തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Suraj S** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-08/08/2022.

1. 2022 ചിങ്ങം 1 (ആഗസ്റ്റ് 17) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കർഷകദിനമായി ആചരിക്കുന്നു. ഇതിനോടനുബന്ധിച്ച് കേരളത്തിലൊട്ടാകെ വാർഡുതലത്തിൽ പുതിയ കൃഷിയിടം കണ്ടെത്തി കൃഷി തുടങ്ങുന്നതും, വിളംബരജാഥകൾ സംഘടിപ്പിക്കുന്നതുമാണ്. കൂടാതെ, പഞ്ചായത്തു തലത്തിൽ പൊതുയോഗം സംഘടിപ്പിച്ച് മികച്ച ജൈവകർഷകർ, സ്ത്രീകർഷക, വിദ്യാർത്ഥി കർഷകൻ/കർഷക, മുതിർന്ന കർഷകൻ/കർഷക, എസ്.സി/എസ്.ടി കർഷകൻ/കർഷക തുടങ്ങിയവരെ ആദരിക്കുന്നതും സെമിനാറുകൾ സംഘടിപ്പിക്കുന്നതുമാണ്. തദവസരത്തിൽ സംസ്ഥാന തല സെൽഫി ഫോട്ടോ/വീഡിയോ മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ചിപ്പിക്കൂൺ വിത്ത് വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പായ്ക്കറ്റിന് 45 രൂപയാണ് വില. ആവശ്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക

സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ *ccmannuthy@kau.in* എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

5. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകുന്നു. പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ളവർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477 2236294** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം "** എന്ന വിഷയത്തിലെ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ഓഗസ്റ്റ് 16 ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് ഓഗസ്റ്റ് 15 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കമ്പ്യൂട്ടർ ഉപയോഗിച്ചോ മൊബൈൽ ഫോൺ (സ്മാർട്ട് ഫോൺ) ഉപയോഗിച്ചോ പഠനം നടത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 16 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി ഇന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം **10,11** (ആഗസ്റ്റ് 10,11) തീയതികളിൽ രണ്ട് ദിവസത്തെ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ **04734-266869, 9495390436** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ടോ, വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യേണ്ടതാണ്. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

8. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പരിശീലന കേന്ദ്രത്തിൽ ഈ മാസം ( ആഗസ്റ്റ്) **24,25 തീയതികളിൽ മുട്ടക്കോഴി വളർത്തൽ, 26-ന് കാടവളർത്തൽ, 29,30 തീയതികളിൽ പശുവളർത്തൽ** തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2457778, 0479-2452277** എന്നീ ഫോൺ നമ്പരുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

9. കാലാവസ്ഥാധിഷ്ഠിത കാർഷിക നിർദ്ദേശങ്ങൾ

- ✓ ഇടി മിന്നലിനു സാധ്യതയുള്ളതിനാൽ ഈസമയങ്ങളിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, കന്നുകാലികളെ തുറസ്സായ സ്ഥലങ്ങളിൽ കെട്ടിയിടുന്നതും ഒഴിവാക്കുക.
- ✓ മഴക്ക് സാധ്യതയുള്ള സമയത്ത് വളപ്രയോഗം, കീടനാശിനി പ്രയോഗം മുതലായ വിള സംരക്ഷണ മാർഗങ്ങൾ താൽക്കാലികമായി നിറുത്തി വയ്ക്കുക.
- ✓ കൃഷിയിടങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ചാലുകൾ കീറി നീർവാർച്ചാസൗകര്യം ഉറപ്പാക്കുക, പാടങ്ങളിലെ എല്ലാ ജലനിർഗമന ചാലുകളും തുറന്നിടുക.
- ✓ മത്സ്യ കൃഷി നടത്തുന്ന കർഷകർ കുളങ്ങൾ കവിഞ്ഞൊഴുകി മൽസ്യം നഷ്ടമാകുന്നത് ഒഴിവാക്കാൻ കുളത്തിലെ വെള്ളത്തിന്റെ സംഭരണശേഷിയ്ക്ക് അനുസരിച്ച് വെള്ളം ക്രമീകരിക്കുക.
- ✓ കാറ്റിനു സാധ്യതയുള്ളതിനാൽ വാഴ, പച്ചക്കറി തുടങ്ങിയവയ്ക്ക് താങ്ങുകാൽ നൽകി സംരക്ഷിക്കുക, പന്തലുകൾ ബലപ്പെടുത്തുക. വിളവെടുക്കാൻ പാകമായ പഴം, പച്ചക്കറി വിളകൾ എത്രയും പെട്ടെന്ന് തന്നെ വിളവെടുക്കുക.
- ✓ കാറ്റിൽ വീഴാൻ സാധ്യതയുള്ള മരങ്ങൾക്കടിയിലുള്ളതും, ഉറപ്പില്ലാത്തതുമായ കന്നുകാലി തൊഴുത്തുകളിൽ നിന്നും കന്നുകാലികളെ മാറ്റി പാർപ്പിക്കുക.